# സ്വന്തം ധനത്തെ തിരിച്ചറിയാത്തവർ

عَنْ عَبْدِ اللّهِ بن مَسْعُود رَضِيَ اللّهُ عَنْهُ أَنَّ النَّبِيِّ ﷺ قَالَ: أَيُّكُمْ مَالُ وَارِثِهِ أَحَبُّ إِلَيْهِ مِنْ مَالِهِ ؟ قَالُوا : يَا رَسُولَ الله مَا مِنَّا أَحَدٌ إِلاَّ مَالُه أَحَبُّ إِلَيْهِ ، قَالَ : فَإِنَّ مَالَهُ مَا قَدَّمَ وَمَالَ وَارِثِهِ مَا أَخَّرَ

**അബ്ദുല്ലാഹിബ്നു മസ്ഊദി(റ)ൽ നിന്ന്: പ്രവാചകൻ ചോദിച്ചു: "തന്റെ സ്വന്തം ധനത്തേക്കാൾ ഉപരിയായി അനന്തരാവകാശിയുടെ ധനത്തെ സ്നേഹിക്കുന്നവരായി നിങ്ങളിൽ ആരെങ്കിലുമുണ്ടോ?" അവർ മറുപടി പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ, തന്റെ ധനത്തോട് കൂടുതൽ സ്നേഹമില്ലാത്ത ആരും ഞങ്ങളുടെ കൂട്ടത്തിലില്ല." റസൂൽ പറഞ്ഞു: "എന്നാൽ തന്റെ ധനം താൻ നല്ല മാർഗത്തിൽ മുൻകൂട്ടി ചെലവഴിച്ചതാണ്. തന്റെ അനന്തരാവകാശിയുടെ ധനം താൻ ചെലവഴിക്കാതെ പിന്തിച്ചുവെച്ചതും"** (ബുഖാരി).

**ദുനിയാവ്** വാരിക്കൂട്ടുകയും നേടിയതിൽ വമ്പ് പറയുകയും പൊങ്ങച്ചം നടിക്കുകയും ചെയ്യുന്ന കൂട്ടർക്ക് ചിന്തിക്കാനൊട്ടുണ്ട് ഈ പ്രവാചക വചനത്തിൽ. തന്റേതെന്ന് കരുതുന്നതൊന്നും തനിക്കുള്ളതല്ലെന്നുള്ള വസ്തുത മനുഷ്യൻ അടിക്കടി ആലോചിക്കുന്നത് നന്ന്.

മനുഷ്യൻ ഈ ലോകത്ത് തന്റെ ധനം ഉപയോഗിച്ചു നടത്തിയ നന്മയും ഉപകാരങ്ങളും മാത്രമാണ് അവന്റെ സാക്ഷാൽ സമ്പത്ത്. മറ്റുള്ളവ അവന്റെ അനന്തരാവകാശികളുടെ ധനമത്രെ. പ്രസിദ്ധമായൊരു അറബിക്കവിത ഇങ്ങനെ:

أموالنا لذوي الميراث نجمعها    ودورنا لخراب الدهر نبنيها

(അനന്തരാവകാശികൾക്കായി ഓടിനടന്ന് നാം പണം സമ്പാദിക്കുന്നു. കാലത്തിന്റെ ക്ഷതമേൽപിക്കലിനായി വീടും പണിയുന്നു നാം)

തിരിക്കിട്ട ജീവിതം നയിക്കുന്ന ഒരുവന് മുന്നിലുള്ള ലക്ഷ്യം പലപ്പോഴും ധനസമ്പാദനം മാത്രമാണ്. പക്ഷേ, അത് അവന്റെ അത്യാവശ്യങ്ങൾക്കോ ആവശ്യങ്ങൾക്കോ വേണ്ടിയുള്ളതല്ല. ആഢംബരങ്ങൾക്കും പൊങ്ങച്ചപ്രകടനത്തിനും വേണ്ടിയത്രെ. തിന്നാനോ കുടിക്കാനോ ഉടുക്കാനോ വേണ്ടിയല്ല ഈ സമ്പാദനം. അവന്റെ അഞ്ചു തലമുറകൾക്ക് കൂടിയുള്ളത് സമ്പാദിച്ചാലും മനുഷ്യന്റെ ഈ തിരക്കിന് വിരാമമില്ല.

ഉമ്മു ദർദാഅ്(റ), ഒരിക്കൽ തന്റെ ഭർത്താവ് അബുദ്ദർദാഇനോട് ചോദിച്ചു: "ഇന്നിന്ന വ്യക്തികൾ തേടുന്നതുപോലെ നിങ്ങളും സമ്പത്ത് തേടാത്തത് എന്തുകൊണ്ട്?" അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽ ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്: നിങ്ങളുടെ പിറകിൽ തീർച്ചയായും ദുർഘടമായ ഒരു ചുരം വരാനുണ്ട്. ഭാരം കൂടിയവർക്ക് അത് കയറിക്കടക്കാനാവില്ല. അതുകൊണ്ട് ആ ചുരം കടക്കാൻ വേണ്ടി ഞാൻ സ്വയം ഭാരം കുറയാൻ ആഗ്രഹിക്കുകയാണ്."

സ്വർഗം കൊണ്ട് സന്തോഷവാർത്ത അറിയിക്കപ്പെട്ടവരിൽ ധനാഢ്യനായ അബ്ദുറഹ്മാനുബ്നു ഔഫും (റ)ഉണ്ടായിരുന്നു. ഒരിക്കൽ പ്രവാചകൻ അദ്ദേഹത്തോട് പറഞ്ഞു: ''ഹേ അബ്ദുർറഹ്മാൻ, ഇഴഞ്ഞിഴഞ്ഞാണല്ലോ താങ്കൾ സ്വർഗത്തിലേക്ക് വരുന്നത്." കനമുള്ള ഒരു ബാധ്യത തന്നെയാണ് സമ്പത്തെന്ന് പ്രവാചകന്റെ മുന്നറിയിപ്പ്.

നിങ്ങളുടെ സമ്പത്തും സന്താനങ്ങളും നിങ്ങൾക്കുള്ള പരീക്ഷണമാണ് എന്നു ഖുർആൻ പലേടത്തും പ്രസ്താവിക്കുന്നുണ്ട്. ഭൗതിക ജീവിതത്തിന്റെ അലങ്കാരവും മോഡിയും മാത്രമാണ് അവയെന്ന് സൂറത്തുൽ കഹ്ഫിലും പരാമർശം കാണാം. എന്നാൽ സമ്പത്തിനെയോ സ്വന്തം മക്കളെയോ പരീക്ഷണോപാധികളായി കാണുന്ന മനഃസ്ഥിതി എത്രപേരിലുണ്ട്?

ഓടി നടന്ന് സമ്പാദിച്ചതെല്ലാം മനുഷ്യൻ കുത്തിയിരുന്ന് ആസ്വദിച്ചാലും തീരില്ല. നിശ്ചയിക്കപ്പെട്ടതിനേക്കാൾ കുറവോ കൂടുതലോ ആരും ഈ ലോകത്ത് അനുഭവിക്കുന്നുമില്ല. പിന്നെ എന്തിനീ വെപ്രാളം?

തനിക്കായി താൻ ചെയ്ത നന്മകൾ മാത്രമാണ് തന്റെ സമ്പത്ത്. ഉപേക്ഷിച്ചിട്ടതെല്ലാം അനന്തരാവകാശികളുടേതാണ്. അവരതിൽ തോന്നിയതുപോലെ ശിഷ്ടകാലം പ്രവർത്തിക്കും. നമ്മുടെ ഖബറിലും വിചാരണയിലും മറ്റും നമ്മൾ മാത്രമുണ്ടാകും. മക്കൾക്ക് അവരുടേതായ വിചാരണയും ഖബറും. സമ്പത്തും സന്താനങ്ങളും കണ്ട് കണ്ണു മഞ്ഞളിക്കുന്നവർ ഈ യാഥാർഥ്യങ്ങൾ അറിയുന്നത് നന്നായിരിക്കും.

സ്വന്തം സമ്പത്തിനെ ദൈവികാനുഗ്രഹമെന്നും ഔദാര്യമെന്നും പറഞ്ഞ് നാം ഉദ്ധരിക്കാറുള്ള വചനമാണ് സുലൈമാൻ(അ)യുടെ هذا من فضل ربي (ഇത് എന്റെ റബ്ബിന്റെ ഔദാര്യത്തിൽ നിന്നുള്ളതാണ്) എന്നത്. എന്നാൽ അതിനുശേഷമുള്ള ഭാഗം നാം കണ്ടില്ലെന്നു നടിക്കരുത്- هذا من فضل ربي ليبلوني أأشكر أم أكفر (ഇത് എന്റെ റബ്ബിന്റെ ഔദാര്യത്തിൽ നിന്നുള്ളതാണ്. ഞാൻ നന്ദിയുള്ളവനാണോ നന്ദികെട്ടവനാണോ എന്ന് എന്നെ പരീക്ഷിക്കാനായി അവൻ തന്നതത്രെ ഈ കാണുന്നതൊക്കെയും). ■